"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി – കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്യുന്നതിന് മിനറൽ ട്രാൻസിറ്റ് പാസ്സിനായി അപേക്ഷ നൽകുന്നതിന് നിഷ്കർഷിച്ചിട്ടുള്ള കെ.എം.എം.സി ചട്ടങ്ങളിലെ ചട്ടം 14(2)-ലെ ഒന്നാം ക്ലിപ്ത നിബന്ധനയിൽ മാറ്റം വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വ്യവസായ (എ) വകുപ്പ്

G.O.(Ms)No.106/2021/ID തീയതി,തിരുവനന്തപുരം, 27/10/2021

പരാമർശം:-
1. 22/06/2021 ലെ സ.ഉ (പി) 25/2017/വ്യവ ഉത്തരവ്.
2. 15/04/2021 തീയതിയിലെ LSGD-RA3/98/2021/LSGD നമ്പർ സർക്കാർ കത്ത്.
3. 18.09.2021 തീയതിയിലെ സ.ഉ (സാധാ.) നം. 1795/2021/ത.സ്വ.ഭ.വ ഉത്തരവ്.

<u>ഉത്തരവ്</u>

2015 ലെ കെ.എം.എം.സി ചട്ടങ്ങളിലെ ചട്ടം 14(2) ൽ പരാമർശം (1) ഉത്തരവ് പ്രകാരം വരുത്തിയ ഭേദഗതിയിൽ കെട്ടിട നിർമ്മാണത്തിനായി ഒരു പ്ലോട്ടിൽ നിന്നും എടുക്കുന്ന മണ്ണ് പ്രസ്തുത പ്ലോട്ടിൽ നിന്നും പുറത്തേയ്ക്ക് കൊണ്ടു പോകുന്നതിന് മിനറൽ ട്രാൻസിറ്റ് പാസിനായുള്ള അപേക്ഷയോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ബിൽഡിംഗ് പെർമിറ്റ്, ലാന്റ് ഡവലപ്പ്മെന്റ് പെർമിറ്റ് എന്നിവയും കൂടാതെ സ്ഥലം നിരപ്പാക്കലും മണ്ണെടുക്കലും ഉൾപ്പെടുന്ന സംഗതിയിൽ കെട്ടിട നിർമ്മാണത്തിന് നിരപ്പാക്കേണ്ട സ്ഥലത്തിന്റെ വിസ്തൃതിയും, ആയതിന് എടുക്കേണ്ട മണ്ണിന്റെ അളവും ഉൾപ്പെടുത്തിയിട്ടുള്ള ബിൽഡിംഗ് പ്ലാൻ കൂടി ബിൽഡിംഗ് പെർമിറ്റിനോടൊപ്പം ഉൾക്കൊള്ളിച്ചിരിക്കണമെന്ന് വ്യവസ്ഥ ചെയതിട്ടുണ്ട്.

2. ലാൻഡ് ഡവലപ്പ്മെന്റ് പെർമിറ്റ് നൽകുന്നതിന് പഞ്ചായത്തിൽ നിന്നും ഉദ്യോഗസ്ഥർ പരിശോധന നടത്തുന്ന സമയം മണ്ണ് നീക്കം ചെയ്യുന്ന സ്ഥലം കൃത്യമായി ഡീമാർക്കേറ്റ് ചെയ്യുന്നതിനും അനുമതി പ്രകാരമുള്ള മണ്ണ് നീക്കം ചെയ്ത് കഴിഞ്ഞാൽ ടി സ്ഥലം വീണ്ടും പരിശോധന നടത്തിയശേഷം മാത്രമേ ബിൽഡിംഗ് പെർമിറ്റ് അനുവദിക്കാവൂ എന്നും പരാമർശം (2) കത്ത് പ്രകാരം എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും തദ്ദേശ സ്വയം ഭരണ വകുപ്പ് നിർദ്ദേശം നൽകിയിരുന്നു. കെട്ടിട നിർമ്മാണത്തിന് ഭൂമി നിരപ്പാക്കുന്നതിന് വേണ്ടി മൈനിംഗ് & ജിയോളജി വകുപ്പിൽ അപേക്ഷ നൽകുമ്പോൾ 2015- ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റ് , ഭൂവികസന പെർമിറ്റ് എന്നിവ ജിയോളജി വകുപ്പ് ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്നുവെന്നും എന്നാൽ മേൽ പരാമർശിച്ച

കത്ത് പ്രകാരം ഇവ രണ്ടും ഒരുമിച്ച് ലഭിക്കുന്നില്ലായെന്നും മേൽ നിർദ്ദേശം കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കും മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾക്കും വിരുദ്ധമാണെന്നുള്ള പരാതികൾ സർക്കാരിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) ലെ കത്ത് റദ്ദ് ചെയ്തുകൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവിൽ ഭൂവികസന പെർമിറ്റ് അനുവദിക്കുന്ന വിഷയത്തിൽ താഴെ പറയും പ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുണ്ട്.

i. ഒരു കെട്ടിടം നിർമ്മിക്കുവാൻ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചാൽ ആ കെട്ടിടത്തിന്റെ ഫൗണ്ടേഷൻ നിർമ്മാണ ജോലികൾക്ക് ഭൂമി മണ്ണ് മാറ്റി നിരപ്പാക്കി നിർമ്മാണത്തിന് അനുയോജ്യമാക്കേണ്ടതുണ്ടെങ്കിൽ ആയതിന് അനുവദിച്ച ബിൽഡിംഗ് പെർമിറ്റ് മതിയാകുന്നതാണ്. മിനറൽ ട്രാൻസിറ്റ് പാസ്സ് ആവശ്യമായി വരുന്ന സംഗതികളിൽ പഞ്ചായത്ത്/നഗരസഭസഭകളിൽ നിന്നും ബിൽഡിംഗ് പെർമിറ്റിനായി അപേക്ഷിക്കുന്നവർ 2019 ലെ KPBR / KMBR ചട്ടം 6(7) പ്രകാരം നൽകുന്ന ബിൽഡിംഗ് പ്ലാനിൽ (അതിൽ തന്നെയോ അതിന്റെ ഭാഗമായ അധിക ഷീറ്റായോ) കെട്ടിട നിർമ്മാണത്തിന് നിരപ്പാക്കേണ്ട സ്ഥലത്തിന്റെ വിസ്തൃതിയും ആയതിന് എടുക്കേണ്ട മണ്ണിന്റെ അളവും ആയതിന്റെ പ്ലാനും കൂടി ഉൾപ്പെടുത്തി അപേക്ഷകനും KPBR / KMBR അനുശാസിക്കുന്ന പ്രകാരമുള്ള രജിസ്റ്റേർഡ് ലൈസൻസിയും സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്.

ii. പ്ലോട്ട് സബ്ഡിവിഷൻ ഇല്ലാത്ത സംഗതികളിൽ 2019 KPBR/KMBR ചട്ടം 4(1) പ്രകാരം പ്ലോട്ട് സബ്ഡിവിഷൻ നടത്തുന്നതിന് മാത്രമാണ് ഡവലപ്പ്മെന്റ് പെർമിറ്റ് ആവശ്യമുള്ളത് എന്നതിനാലും മണ്ണ് എടുക്കുക എന്ന പ്രവർത്തിക്ക് ഡവലപ്പ്മെന്റ് പെർമിറ്റ് ആവശ്യമുള്ളതല്ല എന്നതിനാലും കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം "Development of Land" ഇല്ലാത്ത സാഹചര്യത്തിലും, ബിൽഡിംഗ് പെർമിറ്റിനോടൊപ്പം മണ്ണെടുക്കുന്ന സ്ഥലത്തിന്റെ വിസ്തൃതിയും മണ്ണിന്റെ അളവും മറ്റും സാക്ഷ്യപ്പെടുത്തിയിട്ടുള്ള ബിൽഡിംഗ് പ്ലാൻ, "Mineral Transit Pass" അനുവദിക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ഉൾക്കൊള്ളുന്നതിനാൽ കെ.എം.എം.സി ചട്ടങ്ങളിലെ ചട്ടം 14(2) ന്റെ 1-ാം ക്ലിപ്ത നിബന്ധയിൽ പറഞ്ഞിട്ടുള്ള രേഖയായ Development Permit ന് കൂടി പകരമായി പരിഗണിക്കേണ്ടതാണ്.

iii. എന്നാൽ പ്ലോട്ട് സബ്ഡിവിഷൻ ഉൾപ്പെടുന്ന സംഗതിയിൽ, 2019 KPBR/KMBR ചട്ടം 4(1) പ്രകാരം ഡവലപ്പ്മെന്റ് പെർമിറ്റ് ആവശ്യമാണ്. അതിനാൽ സ്ഥലം നിരപ്പാക്കലും മണ്ണെടുക്കലും ആവശ്യമാകുന്ന സംഗതിയിൽ പ്ലോട്ട് വിഭജനം കൂടി ഉണ്ടെങ്കിൽ, മണ്ണ് എടുക്കുന്ന സ്ഥലത്തിന്റെ വിസ്തൃതിയും മണ്ണിന്റെ അളവും ഉൾപ്പെടെ സാക്ഷ്യപ്പെടുത്തിയിട്ടുള്ള ബിൽഡിംഗ് പ്ലാൻ, ബിൽഡിംഗ് പെർമിറ്റ് എന്നിവയ്ക്കൊപ്പം ഡവലപ്പ്മെന്റ് പെർമിറ്റ് കൂടി അനുവദിക്കേണ്ടതാണ്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയം ഭരണ വകുപ്പ് 18.09.2021-ന് പുറപ്പെടുവിച്ച പരാമർശം (3) ഉത്തരവിലെ വ്യവസ്ഥകൾക്ക് അനുപൂരകമായി KMMC ചട്ടങ്ങളിലെ ചട്ടം 14(2)-ലെ ഒന്നാം ക്ലിപ്ത നിബന്ധനയിൽ നിഷ്കർഷിച്ചിരുന്ന കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്യുന്നതിന് മിനറൽ ട്രാൻസിറ്റ് പാസിനായി അപേക്ഷിക്കുന്നവർ ലാന്റ് ഡെവലപ്പ്മെന്റ് പെർമിറ്റ് കൂടി ഹാജരാക്കണമെന്ന വ്യവസ്ഥ

ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. മേൽ പ്രകാരമുള്ള അനുയോജ്യമായ ഭേദഗതി 2015 ലെ കെ.എം.

എം.സി ചട്ടങ്ങളിൽ അടിയന്തിരമായി വരുത്തുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A P M Mohammed Hanish
Principal Secretary

പകർപ്പ് - ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം.

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (ബന്ധപ്പെട്ട ഡയറക്ടർ മുഖേന)

തദ്ദേശ സ്വയംഭരണ (ആർ.എ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

എല്ലാ ജില്ലാ ജിയോളജിസ്റ്റുമാർക്കും

ഐ & പി.ആർ.ഡി. വെബ് & ന്യൂ മീഡിയ

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് -വ്യവസായ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്,

തദ്ദേശ സ്വയം ഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്,

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ

സി.എ യ്ക്ക്

വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ യ്ക്ക്